# ഉപദേശമാല.

158

(കഥാസാരസങ്ഗ്രഹത്തോടുകൂടിയതു്)

ഗ്രന്ഥകർത്താ,

ഏ. പരമേശ്വരശാസ്ത്രികൾ

തിരുവനന്തപുരം.

പ്രസാധകർ

ഉള്ളൂർ പബ്ലിഷേർസ്

ജഗതി, തിരുവനന്തപുരം.

ULLUR PUBLISHERS
TRIV... UM.
JAGATY

1961

[വില ന. പ. 50

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

Printed at

The Sridhara Printing House,

Trivandrum.

രണ്ടാംപതിപ്പ് കോപ്പി 500

No: 1193
THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# അവതാരിക.

കേരളഭാഷയിൽ ഈ ഉപദേശമാല എന്ന പദ്യഗ്രന്ഥത്തിന്റെ സമ്പ്രദായം ഒന്നു പുതുതാണു്. എല്ലാം ഒററ ശ്ലോകങ്ങൾ, അനുഷ്ടുപ്‌വൃത്തത്തിൽ; ഓരോന്നിലും ബാലന്മാർക്കു സുപരിചിതമായ ഓരോ പുരാണകഥാഗതമായ ചിത്രം; നാലാമത്തെ വരിയിൽ അതിൽനിന്നു് ഉദ്ധരിച്ചിട്ടുള്ള ഒരു ഗുണപാഠവും. ഹൃദയാകർഷകങ്ങളായ കഥകളെ അനുസ്മരിപ്പിച്ചു് ഉപദേശങ്ങൾ ചെയ്യുകയെന്നതു് മഹാന്മാർ മുമ്പുതന്നെ അനുഗ്രഹിച്ചിട്ടുള്ള ഒരു സരണിയാണു്. ശ്രീരാമകൃഷ്ണപരമഹംസന്റെ താഴെ പറയുന്ന ഉപദേശം നോക്കുക.

"രാമേണ യോऽർണ്ണവസ്തീർണ്ണഃ
സേതും ബദ്ധ്വാ സ ലങ്ഘിതഃ
ആപ്ലുത്യ രാമദാസേന
ഭക്തിഃ കിം കിം ന സാധയേത്."

ബാലന്മാരുടെ മൃദുലങ്ങളായ ഹൃദയങ്ങളോടൊന്നിച്ചു തന്നെ ഉറച്ചു വരേണ്ടതായ സദാചാരങ്ങളെ ഉപദേശിക്കുന്നതു് ഇങ്ങനെ ഒരു പദ്ധതിയെ അവലംബിച്ചാകുന്നതു് എത്രയോ ഉൽകൃഷ്ടമാണു്.

ഈ ഗ്രന്ഥത്തിന്റെ കർത്താവായ ശ്രീമാൻ പരമേശ്വരശാസ്ത്രികളുടെ ഈ ശ്രമം ഞാൻ അത്യന്തം അഭിനന്ദിക്കുന്നു. അദ്ദേഹം സംസ്കൃത ഭാഷാമർമ്മജ്ഞനായ ഒരു മലയാളിയാണു്. സരസനായ ഒരു പണ്ഡിതനാണു്. ബോധം, ആചരണം എന്നിവയ്ക്കു സമവായസംബന്ധം കല്പിച്ചു ജീവിക്കുന്ന ഒരു ശാസ്ത്രജ്ഞനാണു്. പതിനഞ്ചോളം കൊല്ലങ്ങളായി പല പ്രകാരേണ അദ്ദേഹവുമാ

യിട്ടുള്ള പരിചയത്തിൽ എനിയ്ക്കു സ്നേഹത്തിനും ബഹുമാനത്തിനും ഉൽകഷ്ം മാത്രമേ അനുഭവപ്പെട്ടിട്ടുള്ളു. അദ്ദേഹത്തിന്റെ ഈ സാഹിത്യവ്യവസായം ഇദംപ്രഥമമല്ല. മേലും സാഹിത്യപരങ്ങളും ശാസ്ത്രപരങ്ങളുമായ പല കൃതികൾകൊണ്ടു തന്നെയും അന്യരേയും അദ്ദേഹം കൃതാൎത്ഥരാക്കുമെന്നു പ്രതീക്ഷിക്കുന്നു.

*Trivandrum,*
*5—4—'06.*

(Sd). V. Krishnan Thampy,
*Principal, Sanskrit College.*

---

## അഭിപ്രായം

---

അനുഷ്ടുപ് വൃത്തത്തിൽ സദാചാരപരങ്ങളായ പദ്യങ്ങളടങ്ങിയ ഹൃദയാകൎഷകമായ ഒരു ചെറു പുസ്തകമാണു 'ഉപദേശമാല'. ഇതിലെ പദ്യങ്ങൾക്കുള്ള ഒരു വിശേഷം അവ എല്ലാം ഒററശ്ലോകങ്ങളാണെന്നും ഓരോന്നിലും പുരാണസംബന്ധിയായ ഓരോ സംഭവത്തെ വിവരിച്ചിട്ടുണ്ടെന്നുമുള്ളതാണ്. എല്ലാം പദ്യങ്ങളുടേയും അവസാനത്തിൽ ഓരോ സദാചാരവാക്യവും ഉണ്ടു്. ബാലവിദ്യാൎത്ഥികൾക്കു് ഏത്രയും പ്രയോജനകരമായ ഒരു ഗ്രന്ഥമാണിതെന്നു ഞങ്ങൾ നിസ്സംശയം അഭിപ്രായപ്പെട്ടുകൊള്ളുന്നു. ബാലന്മാൎക്കു സദുപദേശങ്ങൾ നൽകുന്നതോടുകൂടി അവയ്ക്കാസ്പദമായ ഓരോ പൌരാണികകഥകളെക്കൂടി അവരെ മനസ്സിലാക്കുവാൻ ഇതിലെ പദ്യങ്ങൾ അവസരം നൽകുന്നുണ്ടു്. ബാലവിദ്യാൎത്ഥികളുടെ ഉപയോഗത്തിനായി ഇത്തരം ഒരു പുസ്തകം രചിക്കാനൊരുമ്പെട്ട മഹോപാധ്യായൻ ഏ, പരമേശ്വരശാസ്ത്രി അവർകളെ ഞങ്ങൾ അഭിനന്ദിച്ചുകൊള്ളുന്നു. പാഠപുസ്തകക്കമ്മററിയുടെ ശ്രദ്ധ ഇമ്മാതിരി ഗ്രന്ഥങ്ങളിൽ പതിയാതിരിക്കുകയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം.

സമദൎശി,

# ഉപദേശമാല.

158

ത്രിമൂർത്തികളിലുൽകൃഷ്ടൻ
വിഷ്ണുവെന്നു പരീക്ഷയാൽ
നിർണ്ണയിച്ചാൻ ഭൃഗുമുനി;
"വിഷ്ണുതാൻ സേവ്യനെപ്പോഴും." 1

മോഹിനീവാക്കിനാൽ തന്റെ
പുത്രനെക്കൊന്നുമുക്തിയെ
രുക്മാങ്ഗദൻ ഫലിപ്പിച്ചാൻ;
"സത്യം പാലിക്കണം സദാ." 2

രാവണൻ ബന്ധുവായോരു
വിഭീഷണനെയേറവും
ദ്വേഷിക്കയാൽ നാശമാർന്നാൻ;
"ബന്ധുദ്വേഷം തുടങ്ങൊലാ." 3

രാജ്യാപഹാരിയായോരു
ദുര്യോധനനെ വെല്ലുവാൻ
ക്ഷമിച്ചാരേറെനാളം പാർത്ഥർ;
"സമയം കാത്തു ചെയ്യണം." 4

സത്രാജിത്തു പറഞ്ഞോരാ-
രപവാദത്തെ നീക്കുവാൻ
തേടീ സ്യമന്തകം കൃഷ്ണൻ;
"അപവാദത്തെ നീക്കണം." 5

സ്വാരാജ്യമത്തനായ് തീൎന്ന
നഹുഷൻ മുനിശപ്തനായ്
പതിച്ചു പാമ്പായ്; “ഐശ്വൎയ്യ-
മാൎന്നാലും ദൃപ്തനാകൊലാ.” 6

ശ്രീരാമപത്നിയെ കട്ടാൻ
ദുഷ്ടനായ ദശാനനൻ;
ബന്ധനം പൂണ്ടു ജലധി;
“ദുൎജ്ജനത്തോടടുക്കൊലാ.” 7

ദേവകീവധമാശിച്ചു
കംസൻ ശാന്തത പൂകിനാൻ
നല്ലവാക്കാൽ; “സാന്ത്വമൊന്നേ
മൂൎഖന്മാരിൽ ഫലിച്ചിടൂ.” 8

‘എതിൎക്കൊലാ മഹാന്മാരോ-
ടെ’ന്നുരയ്ക്കും കുബേരനെ.
ബന്ധിച്ചാൻ രാവണൻ; “വ്യൎത്ഥം
മൂൎഖരോടുപദേശവും.” 9

യുദ്ധത്തിനായാൎത്തുചെന്ന
രാവണൻ കാൎത്തവീൎയ്യനാൽ
കരണ്ടപോൽ ബദ്ധനായാൻ;
“ബലിയോടു പിണങ്ങൊലാ.” 10

വാലിൽ തീയേററവൻ ബദ്ധൻ
രാക്ഷസാവൃതനെങ്കിലും
ഹനുമാൻ ലങ്കയെച്ചുട്ടാൻ;
ധൈൎയ്യം വേണം വിപത്തിലും.” 11

വ്യാജച്ചൂതിൽ ജയം പൂണ്ട
രുക്മി പാരം ഹസിക്കയാൽ
ഹതനായ് ബലനാൽ; "ചൂതിൽ
തോററവുള്ളോരെ ഹസിക്കൊലാ." 12

ധർമ്മജൻ ധാർത്തരാഷ്ട്രന്മാ-
രൊത്തു ചൂതുകളിക്കയാൽ
രാജ്യം കൈവിട്ടു ഖേദിച്ചാൻ;
"ധൂർത്തരൊത്തു കളിക്കൊലാ." 13

വിശ്വാമിത്രൻ യാഗരക്ഷ
ചെയ്വാനർത്ഥിച്ച രാമനെ
നൽകി ശീഘ്രം ദശരഥൻ;
"യാചിപ്പോർക്കേതുമേകണം." 14

'പാർത്ഥരോടരുതേ വൈര'-
മെന്നുള്ള വിദുരോക്തിയെ
ദുര്യോധനൻ ഗണിക്കാഞ്ഞു
കെട്ടാൻ; "സദ്വാക്ക കേൾക്കണം." 15

രാജസൂയത്തിലത്യന്തം
ഹരിയേ നിന്ദചെയ്കയാൽ
ശിശുപാലൻ മൃത്യുവേററാൻ;
"മാന്യനിന്ദ തുടങ്ങൊലാ." 16

പത്നി വേർപെട്ട സുഗ്രീവൻ
പത്നി വേർപെട്ട രാമനിൽ
പാരം സഖ്യമുറപ്പിച്ചാൻ;
"തോഴന്മാർ തുല്യരാകണം." 17

കന്യമാരെപ്പഠിപ്പിച്ചു
വേതനം പററിയൎജ്ജുനൻ
വിരാടനഗരേ പാൎത്താൻ;
"ദശയ്ക്കൊത്തതു ചെയ്യണം." 18

കണ്വപ്രഗൃഹീതയായ് ത്തീൎന്ന
ശകുന്തളയെ വേൾക്കുവാൻ
ഒട്ടു ചിന്തിച്ചു ദുഷ്ഷന്തൻ;
"പെട്ടെന്നെന്തും തുടങ്ങൊലാ." 19

നൂറുയോജനവിസ്താര-
മേറുമാഴി കടക്കയാൽ
വീരനായ്ത്തീൎന്നു ഹനുമാൻ;
"സാഹസം പുകഴേററിടും." 20

സുരപ്രേരിതനാം കാമൻ
ഹരനേയും ജയിക്കുവാൻ
മുതിൎന്നു ഭസ്മമായ് ത്തീൎന്നാൻ;
"ദുഷ്കരക്രിയയേൽക്കൊലാ." 21

സാധുരക്ഷയ്ക്കു ഭഗവാൻ
കൃഷ്ണൻ കാളിയനെബ്ബലാൽ
ചരണംകൊണ്ടു മൎദ്ദിച്ചാൻ;
"ദുഷ്ടരെശ്ശിക്ഷ ചെയ്യണം." 22

വജ്രംകൊണ്ടു കബന്ധൻെറ
തല ഖണ്ഡിച്ചു വാസവൻ,
വായേകി മാറിലുണ്ണാനായ്;
"ശത്രുവും രക്ഷണീയനാം." 23

158

അശ്വത്ഥാമാവു ഹതനാ-
യെ,ന്നസത്യം കഥിക്കയാൽ
പശ്ചാത്തപിച്ചാൻ കൌന്തേയൻ;
"പാപം ചെയ്താൽ തപിക്കണം." 24

തപംചെയ്തോനാഗമജ്ഞൻ
നിഗമജ്ഞാനമുള്ളവൻ
ദ്രോണൻ ധനഭ്രഷ്ടനായ് വാണു;
"ധർമ്മവും സേവ്യമർത്ഥവും." 25

പൂർണ്ണനാം ചന്ദ്രനെക്കാളും
ശംഭുമൌലിഗതൻ കൃശൻ,
വന്ദ്യൻ, "വന്ദ്യത വന്നീടാൻ
മഹാനെസ്സംശ്രയിക്കണം." 26

അത്യന്തവൃദ്ധനാം ഭീഷ്മർ
ധർമ്മപുത്രനു സാദരം,
ധർമ്മങ്ങളുപദേശിച്ചാൻ;
"വൃദ്ധർ സദ്ധർമ്മമോതുവോർ." 27

രാമൻ ലക്ഷ്മണരക്ഷാർത്ഥ-
മൌഷധാനയനത്തിനായ്.
ഹനുമാനെ നിയോഗിച്ചാൻ;
"കാര്യേ ധുര്യൻ നിയോജ്യനാം." 28

വൃകൻ ശംഭുവിനെ പാരം
സേവിച്ചിട്ടു വരാർത്ഥിയായ്
ഗൌരീഹരണമാശിച്ചാൻ;
"വിശ്വസിക്കായ്ക ധൂർത്തരെ." 29

രാവണൻ കാത്ത പുരിയിൽ
വാണ രക്ഷോഗണത്തിനും
സർവ്വനാശം സംഭവിച്ചു;
"ദുർജ്ജനപാവനി വർജ്ജ്യമാം." 30

ദുർവ്വാസസ്സു നിരാഗസ്സാ-
മംബരീഷനോടേററവും
കോപിക്കയാൽ താപമേററാൻ;
"സാധുവിൽ ക്രുദ്ധനാകൊലാ." 31

മഖാഗ്നിയിൽ ഹൂയമാനൻ
തക്ഷകൻ ശരണാഗതൻ
ഇന്ദ്രനാൽ ത്യക്തനായീല;
"വിടൊല്ലാ ശരണാർത്ഥിയെ." 32

മരുമക്കളെ മുഷ്ക്കാന്റു
കൊന്നോൻ കംസൻ മഹാഖലൻ
കൃഷ്ണനാൽ വധ്യനായ്ത്തീൎന്നാൻ;
"കുത്സിതം ചെയ്തുപോകൊലാ." 33

സീതാവിരഹമാൎന്നിട്ടും
മുനിമാരൊത്തയോദ്ധ്യയെ
ഭരിച്ചു മരുവീ രാമൻ;
"സത്സങ്ഗം ചെയ്ക സർവ്വദാ." 34

കൃഷ്ണഭീമാർജ്ജുനന്മാരെ
വിപ്രവേഷം ധരിക്കിലും
ജരാസന്ധൻ കണ്ടറിഞ്ഞാൻ;
"സത്യം മൂടുകിലും സ്ഫുടം" 35

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

പലതും പണി പററിച്ചു
ഘിരണ്യാസുരനെങ്കിലും
പ്രഹ്ലാദൻ നിഷ്ഠ വിട്ടീല;
"ധീരൻ തൻനിഷ്ഠ മാററിടാ." 36

മഹാരാജൻ പരീക്ഷിത്തു
ജീവിപ്പാൻ യത്നമേൽക്കിലും
സർപ്പം കടിച്ചു മൃതനായ്;
"മൃത്യു ദ്വാരമാക്കുമേ." 37

ഹിംസ ചെയ്യുവനെന്നാലും
മഹാമുനി നിഷേവയാൽ
വാല്മീകി വന്ദ്യനായ്; "ചെയ്യു
മഹാപുരുഷവന്ദനം." 38

ദ്രൗപദീകാങ്ക്ഷയാൽ ദുഷ്ടൻ
കീചകൻ ഭീമസേനനാൽ
ഹതനായ്; "അരുതേ കാങ്ക്ഷ
പരനാരീ ജനങ്ങളിൽ." 39

വൈരിവ്യൂഹമണഞ്ഞോരു
വീരനാമർജ്ജുനാത്മജൻ
ചാകുംവരെപ്പൊരുതിനാൻ;
"വീരക്കു മരണം തൃണം." 40

ധനഞ്ജയൻ വിപ്രരോടും
ഗുരുക്കളൊടുകൂടിയും,
സ്വധർമ്മം കാത്തു പൊരുതി;
"സ്വധർമ്മത്തെപ്പുലർത്തണം." 41

പാലാഴിമഥനം തന്നിൽ
സുധയും സുരയും ഹരി
ദേവാസുരന്മാൎക്കു നൽകി;
"യോഗ്യം യോഗ്യന്നു നൽകണം." 42

സുരാപാനംകൊണ്ടു മത്തർ
തമ്മിൽത്തല്ലി പ്രണഷ്ടരായ്
യാദവന്മാർ; "മദ്യപാനം
ചെയ്യൊല്ലാ ബുദ്ധിയുള്ളവർ." 43

പിതാവിൻ ക്ഷണമില്ലാതെ
യാഗത്തിന്നു ഗമിക്കയാൽ,
സതിയേററാൾ പരിഭവം;
"ക്ഷണമില്ലാതെ പോകൊലാ." 44

ബഹുവാരം ജരാസന്ധൻ
ജിതനായെങ്കിലും ഹരി,
ദുൎഗ്ഗബന്ധം ചെയ്തു വാണാൻ;
"ശങ്ക്യനാം ശത്രുവെപ്പോഴും." 45

സാഗരന്മാർ ശാന്തനായ
കപിലാഖ്യമുനീന്ദ്രനെ,
കോപിപ്പിച്ചിട്ടു വെണ്ണീറായ്;
"ശാന്തനെ ക്രുദ്ധനാക്കൊല്ലാ." 46

ശൂരരെത്തൃണമായ് കാലേ
കണക്കാക്കിയ രാവണൻ,
ജിതനായ് വാനരന്മാരാൽ;
"ഗൎവ്വം കൊള്ളരുതേവനും," 47

മാതാവിൻ വാക്ശരംകൊണ്ടു
വിദ്ധൻ പഞ്ചാബ്ദനാം ധ്രുവൻ,
തപസ്സാൽ ധ്രുവനായ്ത്തീൎന്നാൻ;
"തപസ്സേവനമുത്തമം." 48

തന്റെ ചിഹ്നം ധരിച്ചിട്ടു
പൌണ്ഡ്രകൻ പേയുരസ്ഥലിലും,
മൌനമേ കൃഷ്ണനാന്നുള്ളൂ;
"ശഠരോടൊന്നുമോതൊലാ," 49

നിരാഗസ്സെങ്കിലും ബാലി
സുഹൃത്തിൻ ശത്രുവാകയാൽ
ശ്രീരാമനവനെക്കൊന്നാൻ;
"സുഹൃത്പക്ഷത്തിൽ നിൽക്കണം." 50

ആററിൽ കുരുപുരം താഴ്ത്താൻ
മുതിൎന്ന ബലഭദ്രനെ,
കൌരവ്യർ സാന്ത്വനംചെയ്താർ;
"ക്രൂദ്ധരിൽ സാന്ത്വനം വരം." 51

തന്നോടു തെററുചെയ്തോരാ-
ദ്രുപദൻ തടവേൽക്കവേ,
അഴിച്ചുവിട്ടാൻ ദ്രോണാൎയ്യൻ;
"വൈരിക്കും മാപ്പു നൽകണം." 52

ദുൎയ്യോധനന്റെ വിഡ്ഢിത്തം
കണ്ടു ഭീമൻ ഹസിക്കയാൽ
അവർ തമ്മിലിടഞ്ഞേററാർ;
"സ്വീയരിൽ വൈരമേററൊലാ." 53

ഗങ്ഗയെപ്പിതൃമുക്തിക്കാ-
യാനയിച്ച ഭഗീരഥൻ,
ഹേതുവായ് സർവ്വമുക്തിക്കും;
"ചെയ്ക സർവ്വഹിതത്തിനെ." 54

എതിരെത്തും രാവണന്നായ്
കുബേരൻ പുഷ്പകത്തിനെ
കൊടുത്തളകയെ കാത്താൻ;
പാർപ്പിടം കാക്കണം സദാ." 55

കുരുക്കളാത്മജൻതന്റെ
നാശം ചെയ്തീട്ടുമർജ്ജുനൻ,
വിശോകനായ് പൊരുതിനാൻ;
നഷ്ടത്തിൽ ശോകമേന്തൊലാ." 56

വ്യാസൻ ചൊന്ന ഭവിഷ്യത്താം
സ്വപാദന്തം ജനമേജയൻ,
കേട്ടു ദുഃഖിച്ചുവണ്ണം—"നാം
ഭാവി ചിന്തിച്ചു മാഴ്കൊലാ." 57

ഗാഢനിദ്ര ചിരം പൂണ്ടു
സത്രാജിത്തുമൂലമായ്,
ഹതനായ് ശതധന്വാവാൽ;
അതിനിദ്ര വിവർജ്ജ്യമാം." 58

വസിഷ്ഠൻ, സ്വാത്മജന്മാരെ
വിശ്വാമിത്രൻ ഹനിക്കിലും,
പക വീട്ടാൻ തുനിഞ്ഞീല ;
"കുലശീലം പുലർത്തണം." 59

അസുരാചാൎയ്യങ്കൽനിന്നും
സഞ്ജീവനിയെയും കചൻ,
പ്രാപിച്ചാൻ വിനയംകൊണ്ടു;
"വിനയം കാൎയ്യസാധകം." 60

യയാതിചൊന്ന ശാപത്തെ
നീക്കുവാൻ ശക്തനെങ്കിലും
കൃഷ്ണനേററില്ല രാജത്വം;
"വിടൊല്ലാ പൂൎവ്വസംസ്ഥയെ." 61

ശ്രീകൃഷ്ണൻ, തന്നെ വഞ്ചിക്കാൻ
മായകാട്ടും വിരിഞ്ചനെ,
വഞ്ചിച്ചാൻ മായയാലേററം;
"മായാവിയെ മടക്കണം." 62

പ്രസേനൻ വേട്ടചെയ്യാനായ്
കാട്ടിൽപെട്ടു മൃഗേന്ദ്രനാൽ,
ഹതനായ്; "ഏകനായിട്ടു
കാട്ടിലേയ്ക്കു ഗമിക്കൊലാ." 63

ശിവമൂൎദ്ധാവിനെ കണ്ടാൻ
വിധിയെന്നോതീ കള്ളമായ്,
ശാപമേററാൾ കാമധേനു;
"കൂടസാക്ഷിത്വമാകൊലാ." 64

ബഭ്രുവാഹാഖ്യനാം പുത്രൻ
ജയിച്ചപ്പോൾ ധനഞ്ജയൻ
തോഷിച്ചാൻ; "പുത്രനേകീടും
തോൽവി തോഷകരം പരം." 65

ചിരസങ്ഗതനായീടും
കൃഷ്ണനോടോതി കുന്തിയും
സ്വകീയവ്യസനം; "ദുഃഖം
സുഹൃത്തോടു കഥിക്കണം." 66

സ്വഗുണങ്ങളിണങ്ങാത്ത
ദൈത്യരെത്തള്ളി ലക്ഷ്മിയും
ആശ്രയിച്ചാൾ സുരന്മാരെ;
"ലക്ഷ്മി സദ്ഗുണവശ്യയാം." 67

വാനരാനനനാം നന്ദി,
ഹസിച്ചോരു ദശാസ്യനെ
ശപിച്ചാൻ; "രൂപവിത്താദി-
യില്ലാത്തോരെ ഹസിക്കൊലാ." 68

ബന്ധുമിത്രോപജീവ്യൻ താ-,
നർത്ഥികല്പദ്രുവാം ബലി;
"ഭരിക്ക ധനമില്ലാത്ത
ബന്ധുമിത്രജനങ്ങളെ." 69

സർവ്വോദ്ധാരണകൃത്യത്തിൽ
ഭഗവാൻ ബുദ്ധനെപ്പൊഴും
സ്വബുദ്ധി വിനിയോഗിച്ചാൻ;
"പരോപകൃതി ചെയ്യണം." 70

സ്വമാംസം പക്ഷിരക്ഷയ്ക്കായ്
ശ്യേനത്തിന്നേകിനാൻ ശിബി;
"പരപ്രാണപരിത്രാണം
ചെയ്യുവാഉഴണമെപ്പൊഴും." 71

പ്രഹ്ലാദൻ ദൈത്യനെന്നാലും
നാരദാദേശവൈഭവാൽ,
തത്ത്വവിത്തായ്ത്തീൎന്നു; "സത്തി-
ന്നാദേശം കേൾക്കണം സദാ." 72

ആദിത്യഗതിയുംകൂടി-
ത്തടഞ്ഞുദ്ധതനായിട്ടും
വിന്ധ്യനെ കുംഭജൻ താഴ്ത്തി;
"താഴ്ച്ചയുദ്ധതനേകണം." 73

പതിന്നാലായിരം ദുഷ്ട-
രാക്ഷസന്മാരെ രാഘവൻ,
ഏകനായ് കൊന്നു വേഗത്തിൽ;
"ഒററയ്ക്കും വെൽക ദുഷ്ടരെ." 74

പാതിവ്രത്യപ്രഭാവത്താ-
ലഗ്നിക്കും സീതയേകിനാൾ
സന്താപം; "അഗ്നിയേക്കാളും
പാതിവ്രത്യാഗ്നി തീവ്രമാം." 75

പാതിവ്രത്യപ്രഭാവത്താ-
ലനസൂയ സുരേശരെ,
ബാലന്മാരാക്കിനാൾ വെക്കം;
"പാതിവ്രത്യം വിശിഷ്ടമാം." 76

പാതിവ്രത്യപ്രഭാവത്താ-
ലാദിത്യോദയവും ബലാൽ
തടഞ്ഞാൾ ശീലവതിയും;
"പാതിവ്രത്യം വിശിഷ്ടമാം." 77

രണ്ടുനാഴികനേരത്താൽ
ഖട്വാങ്ഗൻ ധ്യാനനിഷ്ഠയാൽ
നേരിട്ടു ഹരിയെ കണ്ടാൻ;
"ഐകാഗ്ര്യം സർവ്വസാധകം." 78

ദശാസ്യനോടു പൊരുതി-
ജ്ജടായു മരണംവരെ
മിത്രധർമ്മമനുഷ്ഠിച്ചാൻ;
"ചത്താലും മൈത്രി പോകൊലാ." 79

രാവണാന്തഃപുരത്തെത്താൻ
കണ്ടുമുട്ടുക കാരണം,
ഹനുമാനൊട്ടു ഖേദിച്ചാൻ;
"സജ്ജനം പാപഭീരുവാം." 80

അകൃത്യം ചെയ്ത ദേവേന്ദ്ര-
സുതനാകും ജയന്തനെ,
പുല്ലുകൊണ്ടും വെന്നു രാമൻ;
"പുല്ലും വല്ലഭനായുധം." 81

ബാലനെന്നാകിലും രാമൻ
ഘോരമാരീചനെ ക്ഷണാൽ
ഏഴാമാഴിയിൽ വീഴിച്ചാൻ;
"വീര്യമെന്നും സ്ഫുരിച്ചിടും." 82

ഹരിശ്ചന്ദ്രനൃപൻ സർവ്വ-
സുഖവും വെടിയേണ്ടതായ്
തീർന്നാ സത്യത്തെ വിട്ടീല;
"സത്യനിഷ്ഠ മുടക്കൊലാ." 83

ഉഷസ്സിലുണരുന്നോരു
താമരപ്പൂവിലെപ്പൊഴും
ലക്ഷ്മി വാസമുറപ്പിച്ചാം;
"ഉണർന്നീടുക രാവിലേ." 84

ബലമില്ലാത്തതെന്നാലു-
മോരോ നാരും ഗജത്തെയും,
ഒന്നുചേർന്നിട്ടു ബന്ധിക്കും;
"ഐകമത്യം മഹാബലം." 85

ദത്താത്രേയൻ കണ്ടുപാര-
മൈകാഗ്ര്യം ശരകാരിയിൽ,
നൽകിനാനാത്മയോഗത്തെ;
"ഗുണം നീചസ്ഥവും വരം." 86

രാമാഭിഷേകവാർത്തയ്ക്കു
പാരിതോഷികമേകിയും,
കൈകേയി കൂനിയാൽ തെററി;
"ദുഷ്ടസങ്ഗം ത്യജിക്കണം." 87

പുഷ്പസങ്ഗം കൊണ്ടു നാരു-
മുത്തമാങ്ഗം ഗമിച്ചിടും;
"സത്സങ്ഗം കൊണ്ടു നിസ്സാര-
വസ്തുവും മാന്യമായ് വരും." 88

രമയും, രത്നവും മററു-
മേകിയോരബ്ധി പിന്നെയും,
പീഡനത്താൽ വിഷം നൽകി;
"തരുന്നോരെ ഞെരുക്കൊല്ലാ." 89

കാലിൽ തല്ലും പുല്ലു പോലും
സമൂലം ചാമ്പലാക്കയാൽ,
ചാണക്യൻ മന്ത്രിയായ്ത്തീർന്നാൻ;
"ബുദ്ധിമാൻ വന്ദ്യനായ് വരും." 90

പട്ടത്തിനും, കാട്ടിലേയ്ക്കു-
മൊരുങ്ങും രാമനൊന്നുപോൽ,
നീലകൊണ്ടാൻ; "മനസ്വിക്കു
സുഖവും ദുഃഖവും സമം." 91

രാവണൻതൻെറ സന്ദേശം
സുഗ്രീവനോടു ചൊല്ലീടും,
ശുകനെത്തല്ലി കപികൾ;
"ദുഷ്ടദൂത്യം വഹിക്കൊലാ." 92

കുചേലൻ മിത്രമായുള്ള
കൃഷ്ണനെ ചെന്നു കാൺകയാൽ,
ശ്രീമാനായ്ത്തീർന്നു; "മിത്രം താൻ
ക്ലേശിപ്പോർക്കവലംബനം." 93

മാതൃശാപം പിണഞ്ഞുള്ള
നാഗവർഗ്ഗം നശിച്ചുപോയ്;
"അമ്മയ്ക്കുമച്ഛനും പുത്രൻ
കോപമൊട്ടും വരുത്തൊലാ." 94

യയാതി തൻഗുണം താനേ
പുകഴ്ത്തുകനിമിത്തമായ്
സ്വർഗ്ഗത്തിൽ നിന്നും ഭ്രംശിച്ചാൻ;
"താനേ തൻഗുണമോതൊലാ." 95

ബാലനെന്നാകിലും ധീരൻ
മാർക്കണ്ഡേയൻ മഹേശനെ
ഭജിച്ചു മൃത്യുഭയം പോക്കീ;
"മനസ്വിക്കില്ല ദുഷ്കരം." 96

ആർത്തയായുള്ള പാഞ്ചാലി,
നക്രഗ്രസ്തൻ ഗജേന്ദ്രനും
ഹരിയാൽ ത്രാതരായ് വേഗാൽ;
"ആർത്തർക്കു ശരണം ഹരി." 97

ശുഭം

THE KOTTAYAM PUBLIC LIBRARY. KOTTAYAM.

# കഥാസാരസങ്ഗ്രഹം

1. പണ്ടൊരിക്കൽ സരസ്വതീനദീതീരത്തിൽ അനേകം മഹർഷിപുങ്ഗവന്മാരൊന്നിച്ചുകൂടി ഒരു യാഗം നടത്തുകയുണ്ടായി. അപ്പോളവിടെക്കൂടിയിരുന്നവരുടെ ഇടയിൽ ബ്രഹ്മവിഷ്ണുമഹേശ്വരന്മാരിൽവച്ചു് അധികം ശ്രേഷ്ഠത ആൎക്കാണെന്നൊരു വിവാദം നേരിട്ടു. അതു പരീക്ഷിച്ചുനോക്കിയിട്ടു് തീൎച്ചപ്പെടുത്താൻ അവർ ബ്രഹ്മപുത്രനായ ഭൃഗുമഹർഷിയെ നിയോഗിച്ചു.

ഭൃഗു അവിടെനിന്നു പുറപ്പെട്ടു് പരീക്ഷണാൎത്ഥം സത്യലോകത്തുള്ള ബ്രഹ്മാവിന്റെ സഭയിൽ തീരെ വിനയമില്ലാതെ ചെല്ലുകയും, അതു കണ്ടു് ബ്രഹ്മാവു കുപിതനായിത്തീരുകയും ചെയ്തു. പിന്നീടു് ഭൃഗു കൈലാസത്തിൽ വസിച്ചിരുന്ന ശ്രീപരമേശ്വരന്റെ സമീപത്തു ചെന്നു. അപ്പോൾ അദ്ദേഹം സഹോദരസ്നേഹത്തോടുകൂടി ഭൃഗുവിനെ ആശ്ലേഷിക്കാനൊരുമ്പെട്ടതു കണ്ടു് മഹർഷി അതിനു വിസമ്മതിക്കുകയും അക്കാരണത്താൽ മഹേശ്വരനും ക്രുദ്ധനാവുകയും ചെയ്തു. അനന്തരം ഭൃഗു അവിടെ നിന്നും പുറപ്പെട്ടു വൈകുണ്ഠത്തിലെത്തുകയും അവിടെ ലക്ഷ്മീദേവിയുടെ മടിയിൽ ശിരസ്സുവെച്ചു പള്ളികൊണ്ടിരുന്ന ശ്രീമഹാവിഷ്ണുവിന്റെ തിരുമാറിടത്തിൽ തന്റെ കാലുകൊണ്ടൊന്നു ചവിട്ടുകയും ചെയ്തു. ഉടനെ ഭഗവാൻ എഴുന്നേറ്റു് പ്രസന്നതയോടുകൂടി മഹർഷിയെ സൽക്കരിക്കുകയാണു ചെയ്തതു്. അതു കണ്ടു സന്തുഷ്ടനായ ഭൃഗു അവിടുന്നു തിരിച്ചു് സരസ്വതീനദീതീരത്തിൽ

ചെന്നു നടന്ന സംഭവം മുഴുവൻ മററു മഹർഷിമാരോടു പറഞ്ഞപ്പോൾ മഹാവിഷ്ണുവിനു തന്നെയാണു് ത്രിമൂർത്തികളിൽവച്ചു് അധികം ശ്രേഷ്ഠതയുള്ളതെന്നു് അവൎക്കു ബോദ്ധ്യമായി.

൨. ഏകാദശീവ്രതത്തിൽ നിരതനായിരുന്ന രുക്മാംഗദൻ എന്ന രാജാവിനെ പരീക്ഷിപ്പാൻ ശ്രീമഹാവിഷ്ണു ഒരു മോഹിനിയുടെ രൂപത്തിൽ ആ രാജാവിന്റെ അടുത്തു ചെന്നു് അദ്ദേഹത്തെ സ്വാധീനപ്പെടുത്തുകയും ആവശ്യപ്പെടുമ്പോൾ തനിക്കിഷ്ടമുള്ള വരം നൽകുന്നതാണെന്നു് ആ രാജാവിനെക്കൊണ്ടു് പറയിക്കുകയും ചെയ്തു. അതനുസരിച്ചു് ആ മോഹിനി ഏകാദശീദിവസം തന്നോടൊന്നിച്ചിരുന്നു ഭോജനം ചെയ്യുന്നതിനു രാജാവിനോടാവശ്യപ്പെട്ടപ്പോൾ അദ്ദേഹം അതു നിരാകരിച്ചുകളഞ്ഞു. ഉടനെ കുപിതയായ അവൾ അടുത്ത ദിവസം രാജാവിന്റെ പുത്രനെ കത്തികൊണ്ടു കഷണം കഷണമായി ഛേദിച്ചു കൂട്ടുവാനുണ്ടാക്കി തനിക്കു വിളമ്പിത്തരണമെന്നും, അതും അദ്ദേഹം പ്രവൎത്തിക്കാത്തപക്ഷം അദ്ദേഹത്തിൻെറ സത്യനിഷ്ഠയ്ക്കു ഭംഗം നേരിടുന്നതാണെന്നും ശഠിച്ചു. വ്രതങ്ങളിലും സത്യങ്ങളിലും ഭയന്നവനായ രാജാവു് ദുസ്സഹമായ സങ്കടത്തോടുകൂടിയാണെങ്കിലും അവളുടെ വാക്കനുസരിച്ചു പ്രവൎത്തിക്കുകതന്നെ ചെയ്തു. അത്രയുമായപ്പോൾ അവിടെ ആ മോഹിനിക്കു പകരം സാക്ഷാൽ ശ്രീമഹാവിഷ്ണുവാണു് പ്രസന്നനായി കാണപ്പെട്ടതു്. അദ്ദേഹം രാജാവിൻെറ പുത്രനെ ജീവിപ്പിച്ചുകൊടുത്തു കൂടാതെ മററനേകം വരങ്ങളും അനുഗ്രഹിച്ചരുളിയിട്ടു് അന്തർദ്ധാനം ചെയ്തു.

3. നിജസഹോദരനായ വിഭീഷണനെ ദുഷ്ടനായ രാവണൻ ദ്വേഷിക്കകനിമിത്തം ആ വിഭീഷണൻ ശ്രീരാമനോടുകൂടി സഖ്യം ചെയ്തു് രാവണനെ വധിക്കുന്നതിനു വേണ്ടതായ ഉപായങ്ങൾ പറഞ്ഞുകൊടുത്തു് ആ ശ്രീരാമനെക്കൊണ്ടു് രാവണനെ വധിപ്പിച്ചു.

4. കള്ളച്ചൂതുകൊണ്ടു പാണ്ഡവന്മാരുടെ രാജ്യം അപഹരിച്ച ദുഷ്ടനായ ദുര്യോധനനെ കീഴടക്കുന്നതിനു് അവക്കു ശക്തിയുണ്ടായിരുന്നിട്ടും വളരെക്കാലം ക്ഷമിച്ചിരുന്നതിനു ശേഷമാണു് അവർ ദുര്യോധനനെ കീഴടക്കാനൊരുമ്പെട്ടതു്.

5. തൻെറ സ്യമന്തകം എന്ന രത്നത്തെ ശ്രീകൃഷ്ണനാണു മോഷ്ടിച്ചതെന്നു സത്രാജിത്തു പറഞ്ഞുണ്ടാക്കിയ അപവാദം ശമിപ്പിക്കുന്നതിനു വേണ്ടി അദ്ദേഹം ആ രത്നം അന്വേഷിച്ചു ചെന്നു ജാംബവാൻെറ ഗുഹയിൽ നിന്നു് അതിനെ വീണ്ടെടുക്കുകയും, സത്രാജിത്തിൻെറ അനുജനായ പ്രസേനൻ ആ രത്നം കഴുത്തിലണിഞ്ഞുകൊണ്ടു കാട്ടിൽ പോകവെ ഒരു സിംഹം അയാളെക്കൊന്നിട്ടു് ആ രത്നമെടുത്തുകൊണ്ടു ജാംബവാന്റെ ഗുഹാദ്വാരത്തിൽ ചെന്നപ്പോൾ ജാംബവാൻ ആ സിംഹത്തെ വധിച്ചിട്ടു് ആ സ്യമന്തകം എടുത്തു തൻെറ കുഞ്ഞിനു കളിക്കാൻ കൊടുത്തതാണെന്നുള്ള വിവരം മനസ്സിലാക്കുകയും ചെയ്തു.

6. നഹുഷൻ എന്ന രാജാവു നൂറശ്വമേധയാഗം നടത്തുകയും ഇന്ദ്രപ്പട്ടം കരസ്ഥമാക്കുകയും ചെയ്തിട്ടു സ്വർഗ്ഗത്തിൽചെന്നു് ഒരു പല്ലക്കിൽ കേറിയുപവിഷ്ടനായിട്ടു് ആ പല്ലക്കിനെ സപ്തർഷികളെക്കൊണ്ടു ചുമപ്പിച്ചുകൊണ്ടു്

158

ഘോഷയാത്ര ചെയ്യാൻ തുടങ്ങി. അപ്പോൾ തീരെ പൊക്കം കുറഞ്ഞ അഗസ്ത്യമഹർഷി താങ്ങിയിരുന്ന ഭാഗം വളരെ താഴ്ന്നിരുന്നതിനാൽ നഹുഷൻ സ്വപാദം കൊണ്ടു് ആ മഹർഷിയെ ചവിട്ടി അധിക്ഷേപിച്ചു. ഉടനെ കോപാവിഷ്ടനായ അഗസ്ത്യൻ ശാപംകൊണ്ടു നഹുഷനെ ഒരു പാമ്പാക്കിത്തീർത്തു ഭൂമിയിൽ പതിപ്പിച്ചു.

7. ദുഷ്ടനായ രാവണൻ ശ്രീരാമന്റെ പത്നിയായ സീതയെ മോഷ്ടിച്ചു. അതിനാൽ രാവണന്റെ വാസസ്ഥാനമായ ലങ്കയെത്തൊട്ടുകിടന്ന സമുദ്രത്തിൽ അണകെട്ടി ശ്രീരാമൻ ലങ്കയിൽ പ്രവേശിച്ചു് അവനെ നിഗ്രഹിച്ചു. ആ രാവണന്റെ സമീപത്തിൽ വർത്തിച്ചതുകൊണ്ടാണു സമുദ്രത്തിനു് അപ്രകാരം ബന്ധനം (സേതുബന്ധനം) നേരിട്ടതു്.

8. ദേവകീവസുദേവന്മാരുടെ വിവാഹാനന്തരം ആ ദമ്പതികളെ ഒരു തേരിൽ ഇരുത്തിയിട്ടു് ദേവകീസഹോദരനായ കംസൻ തേർ തെളിച്ചുകൊണ്ടു ഘോഷയാത്രയ്ക്കു പുറപ്പെട്ടപ്പോൾ "ദേവകിയുടെ എട്ടാമത്തെപ്പുത്രൻ നിന്നെ (കംസനെ) വധിക്കുന്നതാണു" എന്നൊരു അശരീരിവാക്കു കേൾക്കാനിടയായി. ഉടനെ കംസൻ സഹോദരിയെ വധിക്കാനുദ്യമിച്ചു. അപ്പോൾ വസുദേവർ നല്ല വാക്കുകൾ പറഞ്ഞു് ആ മൂർഖനായ കംസനെ ശാന്തനാക്കിത്തീർത്തു.

9. മഹാന്മാരോടു് എതിർക്കരുതു് എന്നു തന്റെ അനുജനായ രാവണനോടു കുബേരൻ ഉപദേശിച്ചപ്പോൾ മൂർഖനായ അവൻ ആ കുബേരനെത്തന്നെയാണു് ആദ്യമായിപ്പിടിച്ചു ബന്ധിച്ചതു്.

10. തന്നോടു നേരിട്ടു യുദ്ധം ചെയ്യുന്നതിന്നു ത്രിഭുവനത്തിൽ ആരുമില്ലെന്നുള്ള അഹങ്കാരത്തോടുകൂടി രാവണൻ കാർത്തവീര്യനോടു പൊരുതുന്നതിന്നായിട്ടു് അദ്ദേഹത്തിന്റെ സമീപത്തു ചെന്നപ്പോൾ അദ്ദേഹം ഒരു കുരങ്ങിനെപ്പിടിച്ചു കെട്ടുന്നതുപോലെ നിഷ്പ്രയാസമായിട്ടു് ആ രാവണനെപ്പിടിച്ചു ബന്ധിച്ചുകളഞ്ഞു. പിന്നീടു രാവണന്റെ പിതാമഹനായ പുലസ്ത്യമഹർഷി ചെന്നു ശുപാർശ ചെയ്തതുകൊണ്ടാണു രാവണനെ കാർത്തവീര്യൻ അഴിച്ചുവിട്ടതു്.

11. സീതയെ അന്വേഷിച്ചു ലങ്കയിൽ ചെന്ന ശ്രീഹനുമാനെ അനേകം രാക്ഷസന്മാർ വളഞ്ഞു ബന്ധിച്ചിട്ടു് അദ്ദേഹത്തിന്റെ വാലിൽ തീ കൊളുത്തി. എന്നാൽ ഹനുമാൻ സ്വയം ബന്ധനത്തിൽ നിന്നു വിമുക്തനായിട്ടു് ആ രാക്ഷസന്മാരെ ധ്വംസിക്കുകയും വാലിൽ കൊളുത്തിയ തീ കൊണ്ടു ലങ്കയെ ചുട്ടു ഭസ്മമാക്കുകയുമാണു ചെയ്തതു്.

12. രുക്മി ബലഭദ്രരോടുകൂടി കള്ളച്ചൂതു കളിച്ചു് അദ്ദേഹത്തെത്തോല്പിക്കുകയും ക്രമത്തിലധികം പരിഹസിക്കുകയും ചെയ്കയാൽ ക്രുദ്ധനായിത്തീർന്ന ആ ബലഭദ്രർ ആ രുക്മിയെ വധിക്കുവാനിടയായി.

13. ധർമ്മപുത്രർ ധൃതരാഷ്ട്രപുത്രരായ ദുര്യോധനാദികളോടുകൂടി ചൂതുകളിച്ചതുകൊണ്ടു് അദ്ദേഹത്തിന്നു തന്റെ രാജ്യം ഉപേക്ഷിക്കേണ്ടതായി വന്നുകൂടി.

14. യാഗത്തിന്നു മുടക്കം വരുത്തുന്നവരായ മാരീചൻ തുടങ്ങിയുള്ള രാക്ഷസന്മാരെ അമർച്ച വരുത്തി യാഗരക്ഷ ചെയ്യുന്നതിന്നു് ശ്രീരാമനെ തന്റെകൂടെ പറഞ്ഞയ

യ്യണമെന്നു വിശ്വാമിത്രമഹഷി ആവശ്യപ്പെട്ടപ്പോൾ ദശരഥമഹാരാജാവു് അപ്രകാരം തന്നെ പ്രവത്തിച്ചു.

15. സന്മാർഗ്ഗനിഷ്ഠയുള്ളവരും പരാക്രമശാലികളുമായ പാണ്ഡവന്മാരോടുകൂടി വിരോധഭാവത്തിൽ വത്തിക്കുന്നതു ശരിയല്ലെന്നുള്ള വിദുരരുടെ ഉപദേശത്തെ ദുര്യോധനൻ വകവയ്ക്കാത്തതുകൊണ്ടു നാശം പ്രാപിക്കുവാനിടയായി.

16. ധമ്മപുത്രൻ നടത്തിയ രാജസൂയയാഗത്തിനു വന്നുകൂടിയ രാജാക്കന്മാർ നിറഞ്ഞിരുന്ന സദസ്സിൽ വച്ചു ശിശുപാലൻ മാന്യനായ ശ്രീകൃഷ്ണനെ ക്രമത്തിലധികം നിന്ദിക്കുകയാൽ അദ്ദേഹത്തിന്റെ കൈകൊണ്ടു മരണം പ്രാപിക്കുവാനിടയായി.

17. രാവണൻ സീതയെ മോഷ്ടിച്ചുകൊണ്ടുപോയതുകൊണ്ടു ശ്രീരാമനും, ബാലി രുമയെ അപഹരിച്ചതുകൊണ്ടു സുഗ്രീവനും ഭാര്യാവിരഹിതരായിത്തീന്നു. ആ ശ്രീരാമസുഗ്രീവന്മാക്കു തമ്മിൽ ദൃഢമായ സഖ്യമുണ്ടാവുകയും ചെയ്തു.

18. മഹാപരാക്രമശാലിയും ക്ഷത്രിയനുമായിരുന്ന അജ്ജുനൻ വിരാടനഗരത്തിൽ കുറെക്കാലം ബാലികമാരെ പഠിപ്പിച്ചു ശമ്പളം പററിക്കൊണ്ടു കാലക്ഷേപം നടത്തിവന്നിരുന്നു.

19. കണ്വമഹഷി പറഞ്ഞയച്ചവളും അതിരൂപലാവണ്യവതിയുമായ ശകുന്തളയെ ഭാര്യയായി സ്വീകരിക്കുവാൻ ദുഷ്ഷന്തമഹാരാജാവു വളരെ ആലോചിക്കുകയാണു ചെയ്തതു്.

20. സീതയെ അന്വേഷിക്കുന്നതിനു ലങ്കയ്ക്കു ചെല്ലുവാൻ നൂറുയോജന വിസ്താരമുള്ള സമുദ്രത്തെ ഹനുമാൻ നിഷ്പ്രയാസം തരണം ചെയ്തതു മുതൽക്കു് അദ്ദേഹത്തിന്റെ വീരയശസ്സു വർദ്ധിച്ചു തുടങ്ങി.

21. ശ്രീപരമേശ്വരന്റെ തപസ്സു മുടക്കുന്നതിനായി ദേവേന്ദ്രൻ കാമദേവനെ നിയോഗിക്കുകയും അയാൾ അതനുസരിച്ചു് അദ്ദേഹത്തെ ലാക്കാക്കി ബാണം തൊടുക്കുകയും ചെയ്തു. എന്നാൽ കുപിതനായ മഹേശ്വരൻ അഗ്നിമയമായ തന്റെ നെററിക്കണ്ണു തുറന്നു കാമദേവനെ ഒന്നു നോക്കിയപ്പോൾ അയാൾ ഭസ്മമായിപ്പോയി.

22. യമുനാനദിയിൽ വസിച്ചിരുന്ന കാളിയൻ എന്ന സർപ്പം അതികഠോരമായ തന്റെ വിഷജ്വാലകൊണ്ടു് ആ നദിയുടെ തീരത്തു സഞ്ചരിച്ചിരുന്ന പ്രാണികളെപ്പോലും ചുട്ടുകരിച്ചുവന്നിരുന്നു. ആ ദുഷ്ടനെ ശ്രീകൃഷ്ണൻ സ്വചരണംകൊണ്ടു മർദ്ദിക്കുകയും അവനെ അവിടെനിന്നു് ഓടിക്കുകയും ചെയ്തു.

23. ദേവേന്ദ്രൻ തന്റെ വജ്രായുധംകൊണ്ടു ശത്രുവായ കബന്ധന്റെ ശിരസ്സു ഖണ്ഡിച്ചുവെങ്കിലും അവനു ഭക്ഷണം കഴിക്കുന്നതിനു് മാറിൽ വായ്കൊടുത്തു് അവനെ രക്ഷിച്ചു.

24. 'ഇനി ഞാൻ യുദ്ധം ചെയ്കയില്ലെന്നു' ദ്രോണരെക്കൊണ്ടു ശപഥം ചെയ്യിക്കാൻ അദ്ദേഹത്തിന്റെ പുത്രനായ 'അശ്വത്ഥാമാവു മരിച്ചുപോയി' എന്നു ധർമ്മപുത്രർ ഒരസത്യം പറയുവാനിടയായി. അതുനിമിത്തം അദ്ദേഹം വളരെ പശ്ചാത്തപിക്കേണ്ടതായി വന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM.
No. 11827

25. ദ്രോണാചാൎയ്യർ വളരെ തപസ്സുചെയ്തവനും ആഗമം മുഴുവൻ അറിഞ്ഞവനും ആയിരുന്നിട്ടും അൎത്ഥസമ്പാദനത്തിനായിട്ടു ധാൎഷ്ടനായി വൎത്തിച്ചു.

26. ആകാശത്തിൽ വിളങ്ങുന്ന പൂൎണ്ണചന്ദ്രനെക്കാൾ വന്ദ്യതയുമുള്ളതു് ശിവന്റെ ശിരസ്സിൽ പ്രകാശിക്കുന്ന കൃശനായ ചന്ദ്രനെത്തന്നെയാകുന്നു. മഹാനായ ശിവനെ ആശ്രയിക്കകൊണ്ടാണു് ആ ചെറിയ ചന്ദ്രനു് അപ്രകാരം വന്ദ്യത വന്നതു്.

27. അൎജ്ജുനൻ നിൎമ്മിച്ച ശരതല്പത്തിൽ ശയിച്ചിരുന്നവനും അതിവൃദ്ധനുമായ ഭീഷ്മർ ധൎമ്മപുത്രൎക്കു സകലധൎമ്മവും ഉപദേശിച്ചുകൊടുത്തു.

28. യുദ്ധരംഗത്തിൽ രാവണന്റെ 'ശക്തി' എന്ന ആയുധത്താൽ അടിപെട്ടു മോഹാലസ്യപ്പെട്ടവനായ ലക്ഷ്മണനെ രക്ഷിക്കുന്നതിനായി അതിദൂരത്തുനിന്നും അതിവേഗത്തിൽ ദിവ്യൌഷധം കൊണ്ടുവരുന്നതിനു് അതിസമൎത്ഥനായ ഹനുമാനെയാണു് ശ്രീരാമൻ നിയോഗിച്ചതു്.

29. വൃകൻ എന്ന അസുരൻ ശ്രീപാൎവ്വതീയെ തട്ടിക്കൊണ്ടുപോകണമെന്ന കരുതലോടുകൂടി ശിവനെക്കുറിച്ചു തപസ്സുചെയ്തു് അദ്ദേഹത്തെ പ്രത്യക്ഷപ്പെടുത്തുകയും 'തന്റെ കൈയാൽ ആരുടെ തലയിൽ താൻ തൊടുന്നുവോ അയാൾ അപ്പോൾതന്നെ മരിക്കണ'മെന്നൊരു വരം വാങ്ങിക്കുകയും ചെയ്തു. ഉടനെ ആ ദുഷ്ടൻ ശിവന്റെ ശിരസ്സിനെത്തന്നെ സാഹസത്താൽ തൊടുന്നതിനു തുനിഞ്ഞു. അവർ രണ്ടുപേരും അവിടുന്നോടി മഹാവിഷ്ണു

വിൻെറ സമീപത്തു ചെന്നപ്പോൾ അദ്ദേഹം തന്ത്രമായി ആ അസുരനെക്കൊണ്ടു് അവൻെറ ശിരസ്സിനെത്തന്നെ തൊടീച്ചു് അവനെ ഹനിച്ചു.

30. ദുഷ്ടനായ രാവണൻ കാത്തുവന്നിരുന്ന ലങ്കയിൽ വസിക്കുകകാരണം അവിടെയുണ്ടായിരുന്ന സകല രാക്ഷസന്മാക്കും നാശം സംഭവിച്ചു.

31. നിരപരാധിയായ അംബരീഷമഹാരാജാവിനോടു ദുർവാസസ്സുമഹഷി കോപിക്കുകയും അദ്ദേഹത്തെ വധിക്കാനുദ്യമിക്കുകയും ചെയ്തപ്പോൾ വിഷ്ണുവിൻെറ ചക്രം ആവിർഭവിച്ചു് മഹഷിയെ വളരെ സങ്കടപ്പെടുത്തി. പിന്നീടു് അംബരീഷൻെറ പ്രാത്ഥനകൊണ്ടാണു് ആ വിഷ്ണുചക്രം ശാന്തമായതു്.

32. പരീക്ഷിത്തിൻെറ പുത്രനായ ജനമേജയൻ സകലസപ്പങ്ങളേയും നശിപ്പിക്കുന്നതിനു സപ്പയാഗം തുടങ്ങിയപ്പോൾ തക്ഷകൻ എന്ന സപ്പം ഭയത്തോടേ കൂടി ദേവേന്ദ്രനെ ശരണംപ്രാപിച്ചു. അപ്പോൾ അദ്ദേഹം അവന് അഭയംകൊടുത്തു രക്ഷിച്ചു. പിന്നീടു തക്ഷകൻെറ മരുമകനായ അസ്തീകൻ യാഗശാലയിൽ ചെന്നു സപ്പയാഗത്തിൽ നിന്നു ജനമേജയനെ വിരമിപ്പിച്ചതിനു ശേഷമാണു് ഇന്ദ്രൻ തക്ഷകനെ തിരിയെ അയച്ചതു്.

33. മഹാഖലനായ കംസൻ സ്വസഹോദരീപുത്രരായ അനേകം ബാലന്മാരെ കൊല്ലുകയും എട്ടാമത്തെ മരുമകനായ ശ്രീകൃഷ്ണനാൽ കൊല്ലപ്പെടുകയുംചെയ്തു. അതിനീചമായ തൻെറ പ്രവൃത്തികൊണ്ടാണു് ആ ദുഷ്ടനു് ശ്രീകൃഷ്ണൻ നിമിത്തമായി വിപത്തു സംഭവിച്ചതു്.

34. അപവാദഭയം നിമിത്തം സീതാദേവിയെ വനപ്രദേശത്തിലുപേക്ഷിച്ചതിനു ശേഷം ശ്രീരാമൻ മുനിമാരോടുകൂടി സഹവാസം ചെയ്തുകൊണ്ടാണു് അയോദ്ധ്യ ഭരിച്ചുവന്നിരുന്നതു്.

35. ശ്രീകൃഷ്ണനും ഭീമസേനനും അൎജ്ജുനനും ബ്രാഹ്മണവേഷത്തിലാണു് ജരാസന്ധന്റെ സമീപത്തു ചെന്നതെങ്കിലും അവരുടെ ആകാരം കൊണ്ടുതന്നെ അവരെ അവൻ മനസ്സിലാക്കി.

36. ഹിരണ്യകശിപു എന്ന അസുരൻ തന്റെ പുത്രനായ പ്രഹ്ലാദന്റെ നിഷ്ഠ തെററിക്കാൻ പല ഉപായങ്ങളും ചെയ്തുനോക്കി. എന്നാൽ ധീരനായ പ്രഹ്ലാദൻ അല്പംപോലും സ്വനിഷ്ഠയിൽ നിന്നു വ്യതിചലിച്ചില്ല.

37. തനിക്കു സൎപ്പദംശംനിമിത്തം മരണംനേരിടുമെന്നു കാലേകൂട്ടി അറിഞ്ഞിരുന്ന പരീക്ഷിത്തുമഹാരാജാവു് അപ്രകാരം സംഭവിക്കാതിരിക്കാൻ പലതരത്തിൽ പ്രയത്നിച്ചുവെങ്കിലും അതൊക്കെ വ്യൎത്ഥമാവുകയും സൎപ്പദംശനത്താൽ മൃതനായിത്തീരുകയുംചെയ്തു.

38. കാട്ടിൽക്കൂടി സഞ്ചരിച്ചിരുന്നവരെ ഹിംസിക്കുകയും അവരുടെ കൈവശമുണ്ടായിരുന്ന സാധനങ്ങൾ പിടിച്ചുപറിക്കുകയും ചെയ്തുകൊണ്ടു കാലക്ഷേപം നടത്തിവന്നിരുന്ന വാല്മീകി മഹൎഷിമാരുടെ ഉപദേശം കേട്ടു് അതനുസരിച്ചു പ്രവൎത്തിച്ചതിനാൽ സൎവ്വവന്ദ്യനായിത്തീൎന്നു.

39. പാണ്ഡവന്മാരുടെ പത്നിയായ പാഞ്ചാലിയെ കാംക്ഷിച്ചതിനാൽ കീചകനു് ഭീമസേനന്റെ കൈകൊണ്ടു മരണം നേരിട്ടു.

40. ഭാരതയുദ്ധത്തിൽ അർജ്ജുനൻെറ പുത്രനായ അഭിമന്യു ഏകാകിയായി ശത്രുവ്യൂഹത്തിൽ അകപ്പെട്ടിട്ടും മരിക്കുന്നതുവരെ വളരെ ധീരതയോടും പരാക്രമത്തോടും കൂടി പൊരുതുക തന്നെ ചെയ്തു.

41. ഭാരതയുദ്ധവേളയിൽ ശത്രുപക്ഷത്തിൽ നിന്നിരുന്നവരും വിപ്രരും ഗുരുനാഥന്മാരുമായ ദ്രോണഭീഷ്മാദികളോടുകൂടിയും ക്ഷത്രിയധർമ്മമനുസരിച്ചു് അർജ്ജുനൻ പൊരുതി ജയം നേടി.

42. ദേവാസുരന്മാർ ഒത്തൊരുമിച്ചു പാലാഴി കടഞ്ഞപ്പോൾ അതിൽനിന്നുണ്ടായ അമൃതിനെ ദേവകൾക്കും മദ്യത്തെ അസുരന്മാർക്കും മഹാവിഷ്ണു വിഭാഗം ചെയ്തു കൊടുത്തു.

43. യാദവന്മാർ മദ്യപാനംകൊണ്ടു മത്തരായിത്തീരുകയും അതുനിമിത്തം തമ്മിൽത്തല്ലി നശിച്ചുപോവുകയും ചെയ്തു.

44. ദക്ഷൻ നടത്തിയ യാഗത്തിനു് അദ്ദേഹത്തിൻെറ പുത്രിയായ സതി ക്ഷണമില്ലാതെ വലിയേ ചെന്നു കേറുകയും അപമാനിതയായിത്തീരുകയും ചെയ്തു.

45. ശ്രീകൃഷ്ണൻ പലതവണ യുദ്ധംചെയ്തു ജരാസന്ധനെ തോല്പിച്ചുവെങ്കിലും അവനെക്കുറിച്ചുള്ള ശങ്ക കൊണ്ടു ദുർഗ്ഗബന്ധം ചെയ്തിട്ടു് ജാഗരൂകനായിത്തന്നെ വത്തിച്ചു.

46. സൂര്യവംശത്തിൽ ജനിച്ച സഗരൻ എന്ന രാജാവു് അശ്വമേധയാഗം നടത്തിയപ്പോൾ കാണാതെ പോയ കുതിരയെ അന്വേഷിച്ചു പുറപ്പെട്ട അദ്ദേഹ

ത്തിന്റെ പുത്രന്മാരായ സാഗരന്മാർ കപിലമുനിയുടെ സമീപത്തു് ആ കുതിര നിൽക്കുന്നതു കാണുകയും അദ്ദേഹമാണു് ആ കുതിരയുടെ മോഷ്ടാവെന്നു കരുതി, മുനിയെ ഉപദ്രവിക്കുകയും ചെയ്തപ്പോൾ കോപാവിഷ്ടനായിത്തീൎന്ന കപിലൻ ശാപംകൊണ്ടു് അവരെ മുഴുവൻ ഭസ്മമാക്കിത്തീൎത്തു.

47. ശൂരന്മാരായ സകലരേയും പുല്ലുപോലെ വകവെച്ചുകൊണ്ടിരുന്ന ഗർവ്വിഷ്ഠനായ രാവണൻ വാനരന്മാർനിമിത്തം തോൽവി പററിയവനായിട്ടാണു തീൎന്നതു്.

48. ഉത്താനപാദൻ എന്ന മഹാരാജാവിന്റെ പുത്രനായ ധ്രുവൻ തന്റെ മാതൃസപത്നിയായ സുരുചിയുടെ പരുഷവാക്കുകൾ കേട്ടു പരിഭവപ്പെടുകയും; കാട്ടിൽ ചെന്നു തപസ്സുചെയ്തു് മഹാവിഷ്ണുവിനെ പ്രത്യക്ഷപ്പെടുത്തുകയും, അദ്ദേഹം അനുഗ്രഹിച്ചു നൽകിയ ധ്രുവസ്ഥാനം പ്രാപിച്ചു സുഖിക്കുകയും ചെയ്തു.

49. പൌണ്ഡ്രകൻ എന്ന രാജാവു് ശ്രീകൃഷ്ണന്റെ അടയാളമൊക്കെ ധരിച്ചുകൊണ്ടു് താനാണു് സാക്ഷാൽ മഹാവിഷ്ണുവെന്നു പറയുകയും, ശ്രീകൃഷ്ണനെ പലതരത്തിൽ അധിക്ഷേപിക്കുകയും ചെയ്തു. എന്നാൽ അയാളുടെ അസംബന്ധപ്രലപനങ്ങൾക്കു് ശ്രീകൃഷ്ണൻ മറുവടി പറയുവാൻ തുനിയാതെ കുറെക്കാലം ക്ഷമിച്ചിരിക്കുകയാണു ചെയ്തതു്.

50. ബാലി തനിക്കു യാതൊരപരാധവും ചെയ്തില്ലെങ്കിലും സ്വസുഹൃത്തായ സുഗ്രീവന്റെ ശത്രുവായിത്തീൎന്നതുകൊണ്ടു് ശ്രീരാമൻ അവനെ നിഗ്രഹിച്ചു.

51. ദുര്യോധനാദികൾ ക്രമത്തിലധികം അധിക്ഷേപിക്കുകനിമിത്തം ക്രൂദ്ധനായിത്തീന്ന ബലഭദ്രർ തൻെറ ആയുധമായ കലപ്പയുടെ അററത്താൽ അവരുടെ നഗരത്തെ കുത്തിയെടുത്തു നദിയിൽ താഴ്ത്താൻ ഭാവിച്ചപ്പോൾ അവർ സാന്ത്വനം ചെയ്തു. അപ്പോൾ ബലഭദ്രർ ശാന്തനാവുകയും ചെയ്തു.

52. ബാല്യസ്നേഹിതനായിരുന്ന ദ്രുപദമഹാരാജാവിനെക്കാണ്മാൻ ദ്രോണാചാര്യർ ചെന്നപ്പോൾ അദ്ദേഹത്തെ വളരെ അധിക്ഷേപിച്ചു യാത്രയാക്കുകയാണ് ദ്രുപദൻ ചെയ്തതു്. പിന്നീട് ദ്രോണശിഷ്യനായ അർജ്ജുനൻ ദ്രുപദനെ പിടിച്ചുകെട്ടി ദ്രോണൻെറ സമീപത്തു കൊണ്ടുചെന്നു. എന്നാൽ തന്നോട്ട് ആ ദ്രുപദൻ മുമ്പു പ്രവർത്തിച്ച തെറ്റിനെ ക്ഷമിച്ചിട്ട് ദ്രോണൻ രാജാവിനെ വിമുക്തനാക്കി അയയ്ക്കുകയാണു ചെയ്തതു്.

53. വിശ്വകർമ്മാവു് പാണ്ഡവന്മാൎക്ക പണിതുകൊടുത്ത വിശേഷപ്പെട്ട മന്ദിരത്തിൽ 'വെള്ളമില്ലാത്തിടത്തു് വെള്ളമുള്ളതായും വെള്ളമുള്ളിടത്തു് അതില്ലാത്തതായും' ഭ്രമിച്ചു വിഷമിച്ച ദുര്യോധനനെക്കണ്ടു് ഭീമസേനൻ ഹസിക്കുകയാൽ അവർ തമ്മിൽ കലഹിക്കേണ്ടതായി വന്നു.

54. സ്വപിതൃമുക്തിക്കു വേണ്ടി സ്വർഗ്ഗത്തിൽനിന്നു പണിപ്പെട്ടു് ഗംഗയെ ഭൂമിയിൽ കൊണ്ടുവന്ന ഭഗീരഥൻ സർവ്വരുടേയും മുക്തിക്കു ഹേതുഭൂതനായിത്തീൎന്നു.

55. തന്നോട്ട് എതിൎത്തുവന്നവനായ രാവണന്നു് കുബേരൻ പുഷ്പകം എന്ന വിമാനം കൊടുത്തു് അവനെ

സന്തോഷിപ്പിച്ച യാത്രയാക്കിയിട്ട് അളക് എന്ന സ്വവാസസ്ഥാനത്തെ രക്ഷിച്ചു.

56. ദുര്യോധനാദികരം അർജ്ജുനന്റെ പുത്രനായ അഭിമന്യുവിനെ ഹനിച്ചിട്ടും അദ്ദേഹം ശോകാവിഷ്ടനായി നില്ക്കാതെ യുദ്ധം ചെയ്തു് അവരെ തോല്പിച്ചു.

57. തൻെറ പൌത്രനായ അശ്വമേധദത്തനോടുകൂടി പൂരുവംശം അവസാനിക്കുന്നതാണെന്നു ജനമേജയനോടു വ്യാസൻ പറഞ്ഞപ്പോരം ഭാവിയായ ആ സംഭവമോൎത്തു് അദ്ദേഹം ദുഃഖിതനായിത്തീൎന്നു.

58. വളരെ നേരം ഗാഢനിദ്ര ചെയ്തിരുന്ന സത്രാജിത്തിനെ ശതധന്വാവു വധിക്കുകയും, അയാളുടെ പക്കൽ നിന്നു സ്യമന്തകമണി അപഹരിച്ചുകൊണ്ടു പോവുകയും ചെയ്തു.

59. വസിഷ്ഠൻെറ പുത്രന്മാരെയെല്ലാം വിശ്വാമിത്രൻ ഹനിച്ചിട്ടും വസിഷ്ഠൻ അതിനു പകരം വീട്ടാൻ തുനിയാതെ തന്റെ കുലധൎമ്മം പുലൎത്തുകയാണു ചെയ്തതു്.

60. ദേവന്മാരുടെ പ്രേരണയനുസരിച്ചു് കചൻ അസുരഗുരുവായ ശുക്രാചാൎയ്യരുടെ സമീപത്തു ചെന്നു് വിനയംകൊണ്ടു് അദ്ദേഹത്തെ സന്തോഷിപ്പിക്കുകയും, അദ്ദേഹമുപദേശിച്ചുകൊടുത്ത 'മൃതസഞ്ജീവനി' എന്ന വിദ്യ മനസ്സിലാക്കുകയും ചെയ്തു.

61. യയാതി എന്ന രാജാവു് സ്വപുത്രനായ യദുവിനോടു് തന്റെ വാൎദ്ധക്യം സ്വീകരിച്ചുകൊണ്ടു് അയാളുടെ യൌവനം തനിക്കു തരുവാനാവശ്യപ്പെട്ടപ്പോരം യദു അതു സ്വീകരിക്കായ്കയാൽ യയാതി 'നിൻെറ വംശ

ത്തിൽ ജനിക്കുന്നവൎക്ക് രാജസിംഹാസനത്തിന്ന് അവ കാശമില്ലാതെ പോകട്ടെ' എന്നു ശപിച്ചുകളഞ്ഞു. എന്നാൽ യദുവംശത്തിൽ ജനിച്ച ശ്രീകൃഷ്ണന്ന് ആ ശാപ ത്തെ നീക്കുന്നതിന്നു ശക്തിയുണ്ടായിരുന്നിട്ടും അദ്ദേഹം അതിന്നു തുനിയാതെ പൂൎവ്വസംസ്ഥയെ രക്ഷിക്കുന്നതി ന്നായി രാജത്വം സ്വീകരിക്കാതിരിക്കുകയാണു ചെയ്തതു്.

62. ശ്രീകൃഷ്ണന്റെ പല അമാനുഷപ്രവൃത്തികൾ അറിഞ്ഞവനായ ബ്രഹ്മാവ് അദ്ദേഹത്തെ ഒന്നു പരീ ക്ഷിക്കണമെന്നു തീൎച്ചയാക്കി. ഒരു ദിവസം ശ്രീകൃഷ്ണൻ സ്നേഹിതന്മാരായ ഇടയബാലന്മാരോടുകൂടി കാട്ടിൽ ചെന്നു പശുക്കളെ മേച്ചുകൊണ്ടിരിക്കുമ്പോൾ ബ്രഹ്മാവു തന്റെ മായകൊണ്ടു് ആ പശുക്കളേയും ഇടയബാലന്മാ രേയും ശ്രീകൃഷ്ണസന്നിധിയിൽ നിന്നു മറച്ചുകളഞ്ഞു. ഉടനേ ശ്രീകൃഷ്ണൻ താൻതന്നെ ആ പശുക്കളായും ഇടയ ബാലന്മാരായും രൂപംധരിച്ചു യാതൊരു കുറവും കൂടാതെ മുമ്പിലത്തെപ്പോലെ വിഹരിച്ചു. അദ്ദേഹം ബ്രഹ്മാ വിന്റെ രൂപത്തിൽ സത്യലോകത്തുചെന്ന് അവി ടെയുണ്ടായിരുന്ന ദ്വാരപാലന്മാരോടു് 'ഇവിടെ എന്റെ രൂപത്തിൽ ഒരസുരൻ വരുമെന്നും നിങ്ങൾ അവനെ പ്രഹരിച്ചു് ഇവിടെനിന്ന് ഓടിക്കണമെന്നും' ചട്ടംകെട്ടുകയും ചെയ്തിരുന്നു. വാസ്തവത്തിലുള്ള ബ്രഹ്മാവ് സത്യലോകത്തു ചെന്നപ്പോൾ ദ്വാരപാലന്മാർ അദ്ദേ ഹത്തെ പ്രഹരിക്കാനൊരുമ്പെട്ടതു കണ്ടു് ഭീതനായ അദ്ദേഹം അവിടെനിന്ന് ഓടി രക്ഷപ്പെട്ടിട്ടു് ശ്രീ കൃഷ്ണന്റെ നടപടി അറിയാൻ മുമ്പിലത്തെ കാട്ടിൽ

ചെന്നു. അവിടെ യാതൊരു കുറവും കൂടാതെ ശ്രീകൃഷ്ണനും ഇടയബാലന്മാരും പശുക്കളുമൊക്കെ വത്തിക്കുന്നതുകണ്ടു ബ്രഹ്മാവു് ആശ്ചയ്യപ്പെട്ടു. താൻ മറച്ചുവച്ചിരുന്ന പശുക്കളും ഗോപന്മാരും താൻ വച്ചിരുന്ന സ്ഥലത്തുതന്നെ ഇരിക്കുന്നതായും അദ്ദേഹം കണ്ടു. ഉടനെ ബ്രഹ്മാവു് ശ്രീകൃഷ്ണൻെറ മഹിമയോത്തു സ്തബ്ധനായി നിന്നപ്പോൾ ശ്രീകൃഷ്ണനും പശുക്കളും ഗോപന്മാരുമെല്ലാം സാക്ഷാൽ മഹാവിഷ്ണുവിൻെറ രൂപത്തിൽ അവിടെ കാണപ്പെട്ടു. വേഗത്തിൽ ബ്രഹ്മാവു് ശ്രീകൃഷ്ണനെ സ്തുതിക്കുകയും താൻ മറച്ചുവച്ചിരുന്ന പശുക്കളേയും ഗോപന്മാരേയും കൂട്ടിക്കൊണ്ടു ചെന്നു് ശ്രീകൃഷ്ണൻെറ സന്നിധിയിൽ സമപ്പിക്കുകയും ചെയ്തു. അപ്പോൾ വിഷ്ണുരൂപം മറച്ചിട്ടു ശ്രീകൃഷ്ണൻ മുമ്പിലത്തെ ഗോപരൂപത്തിൽ പശുക്കളോടും ഗോപന്മാരോടും കൂടി സ്വവാസസ്ഥലത്തേക്കു പോവുകയും ചെയ്തു.

63. സത്രാജിത്തിൻെറ അനുജനായ പ്രസേനൻ സ്യമന്തകമെന്ന രത്നം കഴുത്തിലണിഞ്ഞുകൊണ്ടു് ഒരു ദിവസം ഏകാകിയായി കാട്ടിൽ ചെന്നു വേട്ടയാടിക്കൊണ്ടിരുന്നപ്പോൾ ഒരു സിംഹം അയാളെ വധിക്കുകയും ആ സ്യമന്തകം എടുത്തുകൊണ്ടു പോവുകയും ചെയ്തു.

64. ശിവൻെറ ശിരസ്സിനെക്കാണുന്നതിനു മുകളിലേക്കു ബ്രഹ്മാവും പാദത്തെക്കാണുന്നതിനു കീഴ്പോട്ടു വിഷ്ണുവും പുറപ്പെട്ടു ഗമിക്കുകയും, വിഷ്ണു കുറേദൂരം പോയിട്ടു ശിവപാദം കാണാൻ തനിക്കു സാധിക്കയില്ലെന്നു വിചാരിച്ചു തിരിയെ ചെന്നു് ആ വിവരം പറയുകയും ചെയ്തു.

ബ്രഹ്മാവു വളരെ ദൂരം മേല്പോട്ടു പോയതിനുശേഷം ശിവ ശിരസ്സിൽനിന്നു കീഴ്പോട്ടു വന്നുകൊണ്ടിരുന്ന കാമധേനു വിനെക്കണ്ടു 'ഇവിടെനിന്നു ശിവശിരസ്സിലേക്കു എത്ര ദൂരമുണ്ടെ'ന്നു ചോദിച്ചു. 'അങ്ങു ഇതുവരെ വന്നിട്ടുള്ള ദൂരത്തിൽനിന്നു എത്രയോമടങ്ങു ദൂരം ഇനിയും മേല്പോട്ടു പോയാൽ മാത്രമേ അങ്ങേയ്ക്കു ശിവശിരസ്സുകാണാൻ സാധിക്കയുള്ളൂ'വെന്നും, എന്നാൽ 'ഞാൻ ശിവന്റെ മൂർദ്ധാവിനെക്കണ്ടുവെന്നു കള്ളസ്സാക്ഷി പറയാമോ' എന്നു ബ്രഹ്മാവു ചോദിച്ചതിനു 'ആകാം' എന്നും, കാമധേനു പറഞ്ഞു. പിന്നെ അവർ തിരിയെച്ചെല്ലുകയും, കാമധേനു കള്ളസ്സാക്ഷി പറയുകയുംചെയ്തു. എന്നാൽ ശിവൻ പരമാർത്ഥം മനസ്സിലാക്കുകയും, ബ്രഹ്മാവിനുണ്ടായിരുന്ന അഞ്ചുമുഖങ്ങളിൽ കളവു പറഞ്ഞ മുഖത്തെ നഖംകൊണ്ടു നുള്ളിക്കളയുകയും, കാമധേനുവിന്റെ മുഖം അശ്രീക്കു ഇരിപ്പിടമായിത്തീരട്ടെ എന്നു ശപിക്കുകയുംചെയ്തു.

65. അർജ്ജുനൻ തീർത്ഥയാത്ര ചെയ്തിരുന്ന സമയം ചിത്രാങ്ഗദ എന്നൊരു രാജപുത്രിയെ ഗാന്ധർവ്വവിവാഹംചെയ്തു അവളോടുകൂടി കുറെദിവസം താമസിച്ചിരുന്നു. അവളിൽ അദ്ദേഹത്തിനു ബഭ്രുവാഹൻ എന്നൊരു പുത്രൻ ജനിച്ചു. പിന്നീടു ധർമ്മപുത്രൻ അശ്വമേധയാഗം നടത്തിയപ്പോൾ ആ യാഗത്തിന്റെ അങ്ഗമായ കുതിരയെ രക്ഷിക്കുന്നതിനു അർജ്ജുനൻ പുറപ്പെട്ടു. ബഭ്രുവാഹന്റെ രാജധാനിയിൽ ചെന്നപ്പോൾ മഹാപരാക്രമശാലിയായ അവൻ കുതിരയെപ്പിടിച്ചു ബന്ധിക്കുകയും, അതുനിമിത്തം അർജ്ജുനനും ബഭ്രുവാഹനും തമ്മിൽ വലിയയുദ്ധം നേരി

ട്ടുകയും, ബഭ്രുവാഹൻ പിതാവായ അൎജ്ജുനനെ തോല്പിക്കുകയും ചെയ്തു. പിന്നീട് ചിത്രാംഗദയും ശ്രീകൃഷ്ണനും മററും ചെന്നു രണ്ടുപേരെയും സമാധാനപ്പെടുത്തി. ബഭ്രുവാഹൻ തന്റെ പുത്രനാണെന്നു മനസ്സിലായപ്പോൾ അർജ്ജുനൻ വളരെ സന്തോഷിക്കുകയാണു ചെയ്തതു്.

66. വളരെക്കാലത്തിനുശേഷം സ്വസമീപത്തു വന്നു ചേൎന്ന ബന്ധുവും സുഹൃത്തുമായ ശ്രീകൃഷ്ണനോടു കുന്തി തന്റെ വ്യസനം മുഴുവൻ പറയുകയും അദ്ദേഹത്താൽ ആശ്വസ്തയായിത്തീരുകയും ചെയ്തു.

67. പാലാഴിയിൽ നിന്നുത്ഭവിച്ചവളായ മഹാലക്ഷ്മി സദ്ഗുണങ്ങളോടു കൂടാത്തവരായ അസുരന്മാരെ ഉപേക്ഷിച്ചിട്ടു് അവയോടുകൂടിയ ദേവന്മാരെ ആശ്രയിച്ചു.

68. ശിവനെ വന്ദിക്കുന്നതിനു കൈലാസപൎവ്വതത്തിൽ ചെന്ന രാവണൻ അവിടെ നിന്നിരുന്ന വാനരമുഖനായ നന്ദികേശ്വരനെക്കണ്ടു പരിഹസിച്ചു. അപ്പോൾ കുപിതനായ നന്ദികേശ്വരൻ 'വാനരൻ നിമിത്തമായി നിനക്കു നാശം സംഭവിക്കട്ടെ' എന്നു ശപിച്ചു.

69. അൎത്ഥികൾക്കു കല്പവൃക്ഷമായ മഹാബലി തന്റെ ബന്ധുക്കളേയും മിത്രങ്ങളേയും വേണ്ടതുപോലെ രക്ഷിച്ചുവന്നിരുന്നു.

70. ഭഗവാൻ ബുദ്ധൻ സൎവ്വരേയും ഉദ്ധരണം ചെയ്യുന്ന വിഷയത്തിൽ എപ്പോഴും സ്വബുദ്ധിയെ വിനിയോഗിച്ചു വന്നിരുന്നു.

71. ശിബി എന്ന ചക്രവൎത്തിയുടെ മാനനിഷ്ഠ പരീക്ഷിപ്പാൻ ദേവേന്ദ്രൻ ഒരു പരുന്തായും അഗ്നി ഒരു

മാടപ്രാവായും രൂപം ധരിക്കുകയും, മാടപ്രാവിനെ പിടിക്കാനായി പരുന്തു് അതിൻെറ പിന്നാലെ പറന്നു ചെന്നപ്പോൾ അതു ശിബിയുടെ മടിയിൽ ചെന്നു വീണു് അദ്ദേഹത്തെ ശരണം പ്രാപിക്കുകയും, ഉടനെതന്നെ പരുന്തു് തൻെറ ആഹാരസാധനമായ ആ പ്രാവിനെ വിട്ടുതരണമെന്നു ശിബിയോടു് അപേക്ഷിക്കുകയും ചെയ്തു. തന്നെ ശരണം പ്രാപിച്ച പ്രാവിനെ വിട്ടുതരികയില്ലെന്നു ചക്രവത്തി പറഞ്ഞപ്പോൾ ആ പ്രാവിൻെറ തൂക്കത്തോളം മാംസം തനിക്കു കിട്ടണമെന്നു പരുന്തു് ആവശ്യപ്പെടുകയും ശിബി തന്റെ ശരീരത്തിൽ നിന്നു് അത്രയും മാംസം എടുത്തു പരുന്തിനു കൊടുക്കുകയും ചെയ്തു. അപ്പോൾ ദേവേന്ദ്രനും അഗ്നിയും നിജരൂപത്തിൽ പ്രത്യക്ഷപ്പെട്ടു ശിബിക്കു വേണ്ട അനുഗ്രഹങ്ങൾ കൊടുത്തിട്ടു് അന്തർധാനം ചെയ്തു.

72. പ്രഹ്ലാദൻ അസുരവംശത്തിൽ ജനിച്ചിട്ടും നാരദമഹർഷിയുടെ ഉപദേശവൈഭവംകൊണ്ടു തത്വജ്ഞാനിയായിത്തീൎന്നു.

73. ആദിത്യൻെറ ഗമനമാൎഗ്ഗത്തെക്കൂടി തടഞ്ഞുകൊണ്ടു് അത്യന്തം ഉദ്ധതനായി നിന്നിരുന്ന വിന്ധ്യപൎവ്വതത്തെ അഗസ്ത്യമഹൎഷി താഴ്ത്തിയിരുത്തി.

74. ഖരൻ, ദൂഷണൻ, ത്രിശിരസ്സു തുടങ്ങിയ പതിന്നാലായിരം രാക്ഷസന്മാരോടുകൂടി ശ്രീരാമൻ ഏകാകിയായി നിന്നു യുദ്ധം ചെയ്തു വേഗത്തിൽ അവരെ നിഗ്രഹിച്ചു.

75. കുറെക്കാലം ലങ്കയിൽ വസിച്ചതുകൊണ്ടു് തൻെറ പാതിവ്രത്യത്തെപ്പററി ശ്രീരാമനു സംശയമുണ്ടായപ്പോൾ സീതാദേവി അഗ്നികുണ്ഡത്തിൽ ചാടുകയും, സീതയുടെ പാതിവ്രത്യപ്രഭാവത്താലുണ്ടായ ചൂടിനെ സഹിക്കാൻ അഗ്നിക്കു ശക്തിയില്ലാതാവുകയും ചെയ്തു.

76. അത്രിമഹർഷിയുടെ പത്നിയായ അനസൂയയുടെ പാതിവ്രത്യം പരീക്ഷിപ്പാൻ ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനുംകൂടി ഭിക്ഷുരൂപത്തിൽ അത്രിമഹർഷി ആശ്രമത്തിലില്ലാതിരുന്ന സമയം അനസൂയയുടെ സമീപത്തു ചെന്നു വസ്ത്രമുടുക്കാതെ ഭിക്ഷ നൽകണമെന്നു് ആവശ്യപ്പെട്ടപ്പോൾ ആ ദേവി കുറെ വെള്ളമെടുത്തു തളിച്ചു് തൻെറ പാതിവ്രത്യപ്രഭാവത്താൽ ആ മൂന്നു ദേവന്മാരേയും ബാലന്മാരാക്കിത്തീർത്തു. പിന്നീടു് അത്രിമഹർഷി അവിടെച്ചെന്നു ശുപാർശപറഞ്ഞതുകൊണ്ടു് അനസൂയ ത്രിമൂർത്തികളെ അവരുടെ സ്വന്തയുള്ള രൂപം ധരിപ്പിച്ചു യാത്രയാക്കി.

77. ഒരു രാത്രിയിൽ ശീലവതി കുഷ്ഠരോഗിയായ ഉഗ്രതപസ്സെന്ന തൻെറ ഭർത്താവിനെ തോളിൽ ചുമന്നുകൊണ്ടു് അദ്ദേഹത്തിൻെറ പ്രേമഭാജനമായ ഒരു ദാസിയുടെ വീട്ടിലേക്കു പോയപ്പോൾ വഴിയിൽ മാണ്ഡവ്യൻ എന്ന മഹർഷി ശൂലത്തിൽ തറയ്ക്കപ്പെട്ടു കഷ്ടപ്പെട്ടുകൊണ്ടിരിക്കവേ ഉഗ്രതപസ്സിൻെറ ശിരസ്സു മാണ്ഡവ്യൻെറ കാലിൽ തട്ടുകയും അതുനിമിത്തം ദുസ്സഹമായ വ്യഥ സംഭവിക്കുകയാൽ മാണ്ഡവ്യൻ 'സൂര്യോദയത്തിനു മുമ്പു നിനക്കു മരണം സംഭവിക്കട്ടെ' എന്നു് ഉഗ്രതപ

ഷ്ഠിനെ ശപിക്കുകയും ചെയ്തു. അതറിഞ്ഞ ശീലവതി തന്റെ പാതിവ്രത്യപ്രഭാവത്താൽ സൂൎയ്യോദയത്തെത്തടഞ്ഞുനിൎത്തി. കുറെക്കാലം സൂൎയ്യോദയം ഉണ്ടാകാത്തതുകൊണ്ടു് ലോകം മുഴുവൻ സങ്കടപ്പെടുന്നതു കണ്ടിട്ടു് ദേവന്മാർ ശീലവതിയുടെ സമീപത്തു ചെന്നു സൂൎയ്യനെ ഉദിപ്പിക്കണമെന്നു പ്രാൎത്ഥിക്കുകയും, സൂൎയ്യോദയം കൊണ്ടു ഭർത്താവിനു മരണം സംഭവിച്ചാൽ അദ്ദേഹത്തെ ജീവിപ്പിച്ചു തന്നുകൊള്ളാമെന്നു് ഉറപ്പു പറയുകയും ചെയ്തു. ഉടനെ ശീലവതി സൂൎയ്യോദയത്തിനു് അനുമതി നൽകുകയും, മരിച്ച ഭൎത്താവിനെ ദേവന്മാർ ജീവിപ്പിച്ചുകൊടുക്കുകയും ചെയ്തു.

78. ഖട്വാംഗൻ എന്ന രാജാവു് രണ്ടു നാഴിക നേരംകൊണ്ടു്, ഏകാഗ്രതയോടുകൂടിയുള്ള ധ്യാനത്താൽ മഹാവിഷ്ണുവിനെ പ്രത്യക്ഷപ്പെടുത്തി മോക്ഷം പ്രാപിച്ചു.

79. രാവണൻ സീതയെ മോഷ്ടിച്ചുകൊണ്ടുപോയ അവസരത്തിൽ ജടായു അയാളെത്തടുത്തുനിൎത്തി തന്റെ മരണംവരെ യുദ്ധം ചെയ്തു സുഹൃദ്ധർമ്മമനുഷ്ഠിച്ചു.

80. സീതയെ അന്വേഷിച്ചു ലങ്കയിൽ ചെന്ന ഹനൂമാൻ രാവണന്റെ അന്തഃപുരസ്ത്രീകളെക്കാണുക നിമിത്തം തന്റെ സദാചാരനിഷ്ഠയ്ക്കു ഭംഗം വന്നേക്കുമോ എന്നു സംശയിച്ചു വളരെ ഖേദിച്ചു.

81. താനുറങ്ങിക്കൊണ്ടിരുന്നപ്പോൾ സീതാദേവിയെ ഉപദ്രവിച്ചവനായ ജയന്തനെ ശ്രീരാമൻ ഒരു പുല്ലെടുത്തു് അതിനെ അസ്ത്രമാക്കി പ്രയോഗിച്ചു കീഴടക്കി.

82. ശ്രീരാമൻ ബാലനായിരുന്നിട്ടും വിശ്വാമിത്രന്റെ യാഗം മുടക്കാനൊരുമ്പെട്ട ഘോരനായ മാരീചനെ ഒരു ബാണപ്രയോഗം കൊണ്ടു് ഏഴാമത്തെ സമുദ്രത്തിൽ വീഴിച്ചു.

83. രാജ്യത്തേയും ഭാൎയ്യയേയും പുത്രനേയും മററു മുപേക്ഷിച്ചിട്ടു കൂടിയും ഹരിശ്ചന്ദ്രൻ എന്ന രാജാവു തൻെറ സത്യനിഷ്ഠയെ രക്ഷിച്ചു.

84. പ്രഭാതത്തിൽ ഉണരുന്ന (വികസിക്കുന്ന) താമരപ്പൂവിലാണു മഹാലക്ഷ്മി വസിക്കുന്നതു്. അതുകൊണ്ടു് പുലരിയിൽ ഉണരുന്നവരിൽ ലക്ഷ്മീദേവിവാസമുറപ്പിക്കും.

85. ഓരോ നാരും വെവ്വേറായിരിക്കുമ്പോഴും അതിനു ശക്തിയില്ലെങ്കിലും അനേകം നാരു് ഒന്നിച്ചു ചേൎന്നാൽ ആനയെ ബന്ധിക്കുന്നതിനുകൂടിശക്തിയുള്ളതായിത്തീരും.

86. ബാണമുണ്ടാക്കി വിററു കാലക്ഷേപം കഴിച്ചു വന്ന ഒരുവൻ ഒരു ദിവസം ഒരു സ്ഥലത്തിരുന്നു ബാണം നിൎമ്മിച്ചു കൊണ്ടിരുന്നപ്പോഴും അയാളുടെ അടുക്കൽ കൂടി ഒരു രാജാവു വളരെ ആളുകളോടുകൂടി ഘോഷയാത്ര ചെയ്തു. എന്നാൽ ബാണനിൎമ്മാതാവു തൻെറ പ്രവൃത്തിയിൽത്തന്നെ മനസ്സു നിറുത്തിക്കൊണ്ടിരുന്നതിനാൽ ആ സംഭവം തീരെ അറിഞ്ഞില്ല. അതു കണ്ടുകൊണ്ടിരുന്ന ദത്താത്രേയമഹൎഷി അവൻെറ ഐകാഗ്ര്യം അറിഞ്ഞു സന്തോഷിച്ചു് അവനു് ആത്മജ്ഞാനമുപദേശിച്ചു.

87. ശ്രീരാമനെ യുവരാജാവാക്കിപ്പട്ടാഭിഷേകം ചെയ്വാനുദ്ദേശിച്ചിരിക്കുന്ന വിവരം കൂനി(മന്ഥര)പറഞ്ഞ

പ്പോഴുണ്ടായ സന്തോഷത്താൽ കൈകേയി അവൾക്കു പാരിതോഷികം(സമ്മാനം) ആണു് ആദ്യം കൊടുത്തതു്. പിന്നീടു് അവളുടെ ദുരാലോചനകൾ കേട്ടതുകൊണ്ടാണു് കൈകേയി ദുഷിച്ചു പോയതു്.

88. നല്ലപുഷ്പത്തോടുകൂടിയുള്ള സമ്പൎക്കം നിമിത്തം നിസ്സാരമായ നാരു് എല്ലാവരുടേയും ശിരസ്സിൽ കേറുന്നതിനു സമൎത്ഥമായിത്തീരുന്നു. നിസ്സാരമായ വസ്തുവിനും സത്സംഗം കൊണ്ടു മാന്യത സംഭവിക്കുമെന്നുള്ളതിനു് ഇതൊരു ദൃഷ്ടാന്തമാകുന്നു.

89. ക്ഷീരസമുദ്രം അൎത്ഥികളായ ദേവന്മാൎക്കു ലക്ഷ്മിയേയും രത്നത്തേയും മററും ദാനംചെയ്തു. പിന്നെയും അവർ സമുദ്രത്തെ പീഡിപ്പിച്ചപ്പോൾ അതു വെറുപ്പോടുകൂടി കാളകൂടവിഷമാണു കൊടുത്തതു്.

90. നവനന്ദന്മാരാൽ അവമാനിതനായ ചാണക്യൻ നടന്നുപോകുമ്പോൾ വഴിയിലുണ്ടായിരുന്ന ഒരു പുല്ലു് അദ്ദേഹത്തിൻെറ കാലിൽ തട്ടുകയും അദ്ദേഹം കോപത്തോടുകൂടി ആ പുല്ലു സമൂലം പിഴുതെടുത്തു തീയിലിട്ടു ചാമ്പലാക്കുകയും ചെയ്തതു കണ്ടുകൊണ്ടിരുന്ന ചന്ദ്രഗുപ്തൻ കരുതലോടുകൂടി പ്രവൎത്തിക്കുന്നതിൽ ബുദ്ധിമാനായ ആ ചാണക്യനെ തൻെറ മന്ത്രിയാക്കി.

91. ദശരഥൻ ആദ്യം തനിക്കു യുവരാജപദം നൽകാൻ തീൎച്ചപ്പെടുത്തിയ സന്ദർഭത്തിലും, പിന്നീടു് കാട്ടിലേയ്ക്കയയ്ക്കാൻ നിശ്ചയിച്ച അവസരത്തിലും ശ്രീരാമൻ ഒരേ മാതിരിയിലുള്ള മുഖഭാവത്തോടുകൂടിത്തന്നെയാണു് നില കൊണ്ടതു്.

92. ദുഷ്ടനായ രാവണന്റെ ദൂതനായ ശുകൻ എന്ന രാക്ഷസൻ സുഗ്രീവനോടു സന്ദേശം പറയാൻ ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന വാനരന്മാർ അവനെപ്പിടിച്ചു തല്ലി.

93. മഹാദരിദ്രനായിരുന്ന കുചേലൻ തന്റെ മിത്രമായ ശ്രീകൃഷ്ണനെച്ചെന്നു കണ്ടതുകൊണ്ടു വളരെ ശ്രീമാനായിത്തീൎന്നു.

94. ദേവേന്ദ്രന്റെ കുതിരയുടെ വാലു് വെളുത്തതാണെന്നു വിനതയും കറുത്തതാണെന്നു കദ്രുവും വാദിക്കുകയും, അതു പരീക്ഷിച്ചിട്ടു തോൽവി പററുന്നവർ മററവൾക്കു ദാസപ്രവൃത്തി ചെയ്യേണ്ടതാണെന്നു് ഉടമ്പടി ഉറപ്പിക്കുകയും ചെയ്തു. എന്നിട്ടു കദ്രു തന്റെ മക്കളായ നാഗങ്ങളെ വിളിച്ചു് 'നിങ്ങൾ ദേവേന്ദ്രന്റെ കുതിരയുടെ വാലിൽച്ചുററി അതിനെ കറുത്ത നിറമുള്ളതാക്കി തോന്നിക്കണം' എന്നു പറഞ്ഞപ്പോൾ ആ പാമ്പുകൾ അതനുസരിക്കായ്കയാൽ 'നിങ്ങൾക്കു വിനതയുടെ പുത്രനായ ഗരുഡനാൽ മരണം സംഭവിക്കട്ടെ' എന്നു ശപിച്ചുകളഞ്ഞു. അതറിഞ്ഞ മററു ചില നാഗങ്ങൾ കദ്രു പറഞ്ഞതുപോലെ പ്രവൎത്തിക്കുകയും തോൽവി പററിയ വിനത കുറെക്കാലം കദ്രുവിനു ദാസവൃത്തി ചെയ്കയും പിന്നീടു് ഗരുഡൻ ദേവേന്ദ്രന്റെ അധീനതയിലിരുന്ന അമൃതകലശം കൊണ്ടുചെന്നു കദ്രുവിനെക്കാണിച്ചു മാതാവായ വിനതയെ ദാസപ്രവൃത്തിയിൽ നിന്നു വിമുക്തയാക്കുകയും ചെയ്തു.

95. യയാതി വളരെ സുകൃതംചെയ്തു സ്വൎഗ്ഗത്തിൽ ചെന്നപ്പോൾ ദേവേന്ദ്രൻ അദ്ദേഹം ചെയ്ത സുകൃതം എന്തൊക്കെയാണെന്നു ചോദിക്കുകയും വേറെ ആരും ചെയ്തിട്ടില്ലാത്ത നിരവധി സുകൃതം താൻ ചെയ്തിട്ടുള്ളതായി അദ്ദേഹം പറയുകയും ചെയ്തു. 'ധൎമ്മഃ ക്ഷരതി കീൎത്തനാൽ' (താൻ ചെയ്ത സുകൃതത്തെ താൻ തന്നെ കീൎത്തിച്ചു പറഞ്ഞാൽ ആ സുകൃതം ക്ഷയിച്ചുപോകും) എന്ന പ്രമാണമനുസരിച്ചു യയാതിയുടെ സുകൃതം മുഴുവനും ക്ഷയിക്കുകയും അദ്ദേഹം സ്വൎഗ്ഗത്തിൽ നിന്നു ഭ്രംശിക്കുകയും ചെയ്തു.

96. തനിക്കു പതിനാറാമത്തെ വയസ്സോളമേ ആയുസ്സുള്ളു എന്നു മനസ്സിലാക്കിയ ബാലനായ മാൎക്കണ്ഡേയൻ മഹേശ്വരനെക്കുറിച്ചു തപസ്സുചെയ്തു പ്രത്യക്ഷപ്പെടുത്തുകയും, എന്നും പതിനാറു വയസ്സായി ദീൎഘായുഷ്മാനായി ജീവിച്ചിരിക്കത്തക്കവിധത്തിൽ വരം വാങ്ങിക്കുകയും ചെയ്തു.

97. ആൎത്തയായ പാഞ്ചാലിയേയും നക്രത്താൽ (മുതലയാൽ) ഗ്രസിക്കപ്പെട്ട ഗജേന്ദ്രനേയും ജഗദീശ്വരനായ ഹരി രക്ഷിച്ചു. ആൎത്തന്മാൎക്കു ശരണമായിട്ടുള്ളതു് അദ്ദേഹമാകുന്നു.

—

ശുഭം.

JAWAHAR BALBHAVAN & CHILDREN'S LIBRARY
**KOTTAYAM.**
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. C.F.  Acc. No. 158

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 8 NOV 1996 | | |

CF 158

CF

സ്ത്രി-

പരമേശ്വര ശാസ്ത്രി
കൾ

ഉപദേശമാല

158